# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6655 | 21/11/2019 ൽ മറുപടിക്ക്

## സ്വകാര്യ കശുവണ്ടി ഫാക്ടറി വ്യവസായികൾക്ക് പുനരുദ്ധാരണ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി ഫാക്ടറികൾ അടച്ചുപൂട്ടിയത് കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയവും ബാങ്കുകളുടെ നിഷേധാത്മകമായ നിലപാടും കാരണമാണെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) സംസ്ഥാനത്ത് കടക്കെണിമൂലം പൂട്ടിക്കിടന്നിരുന്ന 485 സ്വകാര്യ ഫാക്ടറികൾ ഇപ്പോൾ തുറന്ന് പ്രവർത്തിച്ച വരുന്നു. നൂറോ നൂറിലധികമോ തൊഴിലാളികൾ ജോലി ചെയ്തിരുന്ന ഫാക്ടറികളിൽ 75-ൽ താഴെ ഫാക്ടറികൾ മാത്രമേ ഇനി തുറന്ന് പ്രവർത്തിപ്പിക്കാനുള്ളൂ.<br><br>കേന്ദ്ര സർക്കാർ തുടർന്നു വന്ന ഇറക്കുമതി നയവും ധനകാര്യ സ്ഥാപനങ്ങളായ ബാങ്കുകൾ സ്വീകരിച്ചു വന്ന നിലപാടുകളും ഇതിന് കാരണമായിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജ് കാരണം കടുത്ത നിലപാടുകളിൽ നിന്നും ബാങ്കുകൾ പിൻമാറുകയും നിരവധി വ്യവസായങ്ങൾക്ക് ധനസഹായം നൽകാൻ തയ്യാറാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്വകാര്യ കശുവണ്ടി ഫാക്ടറി വ്യവസായികൾക്ക് എന്തെങ്കിലും പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) പ്രതിസന്ധി നേരിടുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതു മൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യകശുവണ്ടി വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടേയും ബഹു. കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടേയും നേതൃത്വത്തിൽ നടത്തിയ ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന് |

രൂപം കൊടുക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കടബാധ്യത പുനഃക്രമീകരിച്ച് ധനകാര്യസ്ഥാപനങ്ങളായ ബാങ്കുകൾ അധിക വായ്പ നൽകിവരികയാണ്. പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായുള്ള പലിശ സബ്സിഡിക്കായി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരികയാണ്.

(സി) ഇതിനകം എത്ര സ്വകാര്യ കശുവണ്ടി ഫാക്ടറി ഉടമകൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കി; ഇതിന്റെ അടിസ്ഥാനത്തിൽ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി) ഇതിനകം 49 സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ട്. വായ്പ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

Radhakrishnan

സെക്ഷൻ ഓഫീസർ